(ബി) കേന്ദ്ര സർക്കാരിൽ നിന്നും സബ്സിഡിക്കുള്ള വ്യവസ്ഥയില്ല. 31-12-2000 വരെയുള്ള കണക്കനുസരിച്ച് 15.5 കോടി രൂപ കൃഷിവകുപ്പിൽ നിന്നും ബോർഡിന് ലഭിക്കുവാനുണ്ട്.

(സി-ഇ) മുകളിൽ സൂചിപ്പിച്ച പ്രകാരം വയനാട് ജില്ലയിലുള്ള കർഷകർക്കും സൗജന്യമായി വൈദ്യുതി നല്കുന്നുണ്ട്.

പുതിയ സബ്സ്റ്റേഷനുകൾ

61 (1213) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996 മേയ് മാസം മുതൽ നാളിതുവരെ എത്ര പുതിയ വൈദ്യുതി സബ്സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ടെന്നതിന്റെ കപ്പാസിറ്റി തിരിച്ചും ജില്ല തിരിച്ചും കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) പുതുതായി കമ്മീഷൻ ചെയ്യപ്പെട്ട എത്ര വൈദ്യുതി പദ്ധതികളുണ്ട് ; ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) എത്ര മെഗാവാട്ട് വൈദ്യുതി ഇക്കാലയളവിൽ കൂടുതലായി ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രതിവർഷ ശരാശരി ഉൽപാദനവും ശരാശരി ഉപഭോഗവും എത്രയെന്ന് വ്യക്തമാക്കാമോ ;

(ഇ) ഓരോന്നിലും പ്രതിവർഷ ശരാശരി വർദ്ധനവ് എത്ര ;

(എഫ്) പ്രസരണനഷ്ടം ഒഴിവാക്കുവാനും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1996 മേയ് മാസം മുതൽ നാളിതുവരെ 44 സബ്സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്.

1.	220 കെ.വി. സബ്സ്റ്റേഷനുകൾ	-	5 എണ്ണം
	മലപ്പുറം	-	1 "
	എറണാകുളം	-	1 "
	കണ്ണൂർ	-	1 "
	പാലക്കാട്	-	1 "
	കാസർകോട്	-	1 "

LIBRARY ARCHIVES Kerala Legislative Assembly

2.	110 കെ.വി. സബ്സ്റ്റേഷനുകൾ	–	33 എണ്ണം
	തിരുവനന്തപുരം	–	6 "
	കൊല്ലം	–	1 "
	പത്തനംതിട്ട	–	2 "
	ആലപ്പുഴ	–	1 "
	ഇടുക്കി	–	1 "
	എറണാകുളം	–	5 "
	തൃശ്ശൂർ	–	6 "
	പാലക്കാട്	–	2 "
	മലപ്പുറം	–	3 "
	കോഴിക്കോട്	–	1 "
	കണ്ണൂർ	–	4 "
	കാസർകോട്	–	1 "
3.	66 കെ.വി. സബ്സ്റ്റേഷനുകൾ	–	3 എണ്ണം
	കോട്ടയം	–	1 "
	എറണാകുളം	–	1 "
	കണ്ണൂർ	–	1 "
4.	33 കെ.വി. സബ്സ്റ്റേഷനുകൾ	–	3 എണ്ണം
	എറണാകുളം	–	1 "
	കണ്ണൂർ	–	2 "

(ബി) പുതുതായി കമ്മീഷൻ ചെയ്യപ്പെട്ട പദ്ധതികൾ 10 എണ്ണമാണ്. അവ താഴെപ്പറയുന്നവയാണ്.

1.	പേപ്പാറ	–	3 മെഗാവാട്ട്
2.	ബ്രഹ്മപുരം	–	106.6 മെഗാവാട്ട്
3.	ലോവർ പെരിയാർ	–	180.8 മെഗാവാട്ട്
4.	മാട്ടുപ്പെട്ടി	–	2 മെഗാവാട്ട്
5.	കായംകുളം എൻ.ടി.പി.സി.	–	359.5 മെഗാവാട്ട്
6.	കൊച്ചി, സി.എസ്.ഇ.എസ്.	–	165 മെഗാവാട്ട്
7.	പെരിങ്ങൽകുത്ത് ലെഫ്റ്റ്സാങ്ക്	–	16 മെഗാവാട്ട്
8.	കക്കാട്	–	50 മെഗാവാട്ട്
9.	കോഴിക്കോട് താപനിലയം	–	128 മെഗാവാട്ട്
10.	കുറ്റ്യാടി എക്സ്റ്റൻഷൻ	–	50 മെഗാവാട്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇക്കാലയളവിൽ ഉല്പാദന ശേഷിയിൽ 1061 മെഗാവാട്ട് വൈദ്യുതി വർദ്ധനവ് കൈവരിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(ഡി) പ്രതിവർഷ ശരാശരി ഉല്പാദനവും ശരാശരി ഉപഭോഗവും താഴെ ചേർക്കുന്നു.

വർഷം	ഉല്പാദനം	ഉപഭോഗം
1996-97	5502.84 മി.യൂണിറ്റ്	8799.25 മി.യൂണിറ്റ്
1997-98	5189 മി.യൂണിറ്റ്	9425.21 മി.യൂണിറ്റ്
1998-99	7843.26 മി.യൂണിറ്റ്	10964.44 മി.യൂണിറ്റ്
1999-2000	8904.62 മി.യൂണിറ്റ്	11781.65 മി.യൂണിറ്റ്
2000-2001 (ജനുവരി വരെ)	7547.55 മി.യൂണിറ്റ്	10335.55 മി.യൂണിറ്റ്

(ഇ) വൈദ്യുതി ഉല്പാദനത്തിലും ഉപഭോഗത്തിലും വന്നിട്ടുള്ള പ്രതിവർഷ ശരാശരി വർദ്ധനവ് താഴെ ചേർക്കുന്നു.

വർഷം	ഉല്പാദനവർദ്ധനവ്	ഉപഭോഗവർദ്ധനവ്
1998-99	33 ശതമാനം	14 ശതമാനം
1999-2000	12 ശതമാനം	7 ശതമാനം
2000-2001 (ജനുവരി)	3 ശതമാനം	6.5 ശതമാനം

(എഫ്) പ്രസരണ-വിതരണ നഷ്ടം കുറയ്ക്കുന്നതിനും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. നിലവിലുള്ള സബ്സ്റ്റേഷനുകൾ അപ്ഗ്രേഡ് ചെയ്യുക.
2. നിലവിലുള്ള സബ്സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കുക.
3. പുതിയ സബ്സ്റ്റേഷനുകൾ നിർമ്മിക്കുക.
4. 33 കെ.വി. സബ്സ്റ്റേഷനുകളുടെ ശൃംഖല സ്ഥാപിക്കുക.
5. 400 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുക.
6. വിവിധ സബ്സ്റ്റേഷനുകളിൽ കപ്പാസിറ്റർ ബാങ്കുകൾ സ്ഥാപിക്കുക.
7. സിംഗിൾഫെയ്സ് ലൈനുകൾ ത്രീഫെയ്സ് ലൈനുകളാക്കി മാറ്റുക.

LIBRARY ARCHIVES Kerala Legislative Assembly

8. എൽ.റ്റി., എച്ച്.റ്റി. ലൈനിന്റെ അനുപാതം 1:1 ആക്കുക.
9. പഴയ ലൈനുകൾ മാറ്റി പുതിയവ വലിക്കുക.
10. ലൈനുകളിൽ തട്ടിനിൽക്കുന്ന വൃക്ഷതലപ്പുകളും മറ്റും മുറിച്ച് മാറ്റുക.
11. പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
12. കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുക.

പഴകിയ മീറ്ററുകൾ

62 (1214) ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗാർഹികവും മറ്റുമായ കണക്ഷനുകൾക്ക് വളരെ വർഷങ്ങൾ പഴകിയ മീറ്ററുകളാണ് ഉപയോഗിച്ചു വരുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അവ മാറ്റുന്നതിന് നടപടി സ്വീകരിക്കാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(സി) ഇതുമൂലം ഉപഭോക്താക്കൾ വളരെ പ്രയാസങ്ങൾ അനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പുതിയ കണക്ഷൻ നൽകുവാൻ പുതിയ മീറ്ററുകളോ, തകരാറില്ലാതെ ശരിയായ രീതിയിൽ പ്രവർത്തിക്കുന്ന പഴയ മീറ്ററുകളോ ആണ് ഉപയോഗിക്കുന്നത്.

(ബി&സി) നല്ല രീതിയിൽ പ്രവർത്തിക്കാത്ത മീറ്ററുകൾ കഴിയുന്നതും വേഗം മാറ്റി സ്ഥാപിക്കുന്നുണ്ട്. കൂടാതെ, കേടായതും തെറ്റായി പ്രവർത്തിക്കുന്നതുമായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ഒരു ബൃഹത് പദ്ധതിക്ക് ബോർഡ് രൂപം കൊടുത്തിട്ടുണ്ട്.

വൈദ്യുതി മേഖലയിലെ വിവിധ പദ്ധതികൾ

63 (1215) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി മേഖല നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ഏതെല്ലാം ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്രയാളുകൾക്ക് പുതിയ കണക്ഷൻ നൽകി ;

LIBRARY ARCHIVES Kerala Legislative Assembly